# പതിമൂന്നാം കേരള നിയമസഭ

**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3876**
**31.01.2014 ലെ മറുപടിക്ക്**

തലശ്ശേരി മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക വികസനനിധി വിനിയോഗം

**ചോദ്യം** **ഉത്തരം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ** **ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ എം.എൽ.എ.പ്രാദേശിക വികസന നിധിയിൽ നിന്നും 2011-12, 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; | തലശ്ശേരി നിയമസഭാ മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിലായി 3 കോടി രൂപയുള്ള 58 പദ്ധതികൾ നിർദ്ദേശിച്ചതിൽ 2.8 കോടി രൂപയുള്ള 55 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതു പ്രകാരം ഓരോ വർഷത്തെയും പദ്ധതികളിൽ ഇതിനകം എത്ര തുക ചിലവഴിച്ചെന്ന് വെളിപ്പെടുത്താമോ; എത്ര പദ്ധതികൾ പൂർത്തീകരിച്ചു; | (1) 2011-12 ൽ 42.36 ലക്ഷം രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. 5 പദ്ധതികൾ പൂർത്തീകരിച്ചു.<br>(2) 2012-13 ൽ 57.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 18 പദ്ധതികൾ പൂർത്തീകരിച്ചതിൽ 13 പദ്ധതികൾക്ക് ബിൽ തുക പൂർണ്ണമായും നൽകി<br>(3) 2013-14 ൽ ഇതുവരെയായി ഒരു പദ്ധതിയുടെയും പണി പൂർത്തിയായിട്ടില്ല. 3,75,000/- രൂപയാണ് (അഡ്വാൻസ്) ചെലവഴിച്ചിട്ടുള്ളത് |
| (സി) | മറ്റു പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | 2011-12, 2012-13 വർഷങ്ങളിൽ നിർദ്ദേശിച്ച പദ്ധതികൾ 31.03.2014 ന് മുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013-14 ൽ നിർദ്ദേശിച്ച പദ്ധതികൾ 31.05.2014 ന് മുമ്പായി പൂർത്തീകരിക്കുന്നതാണ്. |

| | | |
|---|---|---|
| (ഡി) | സമയബന്ധിതമായി എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന എം.എൽ.എ. ഫണ്ടിലെ പദ്ധതികൾക്ക് തുക വിനിയോഗിക്കുന്നതിന് കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും ; വിശദമാക്കാമോ ? | C&AG യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ചുള്ള പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി 20.11.2009 ൽ G.O.(P) No. 518/09/Fin ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ-എസ്.ഡി.എഫ് സംബന്ധിച്ച പ്രവൃത്തികൾ പരിശോധിക്കുന്നതിനായി 04.06.2013 ലെ സർക്കുലർ നം. 50/2013/ധന പ്രകാരം എല്ലാ ജില്ലാ ഫിനാൻസ് ഇൻസ്പെക്ഷൻ സ്ക്വാഡിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്